# കില
## വാർത്താപത്രിക

VOLUME-7
ISSUE-10
OCTOBER 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




ദക്ഷിണാഫ്രിക്കയിലെ ഡർബനിലെ ഇതെക്വിനി നഗരസഭയിൽനിന്നുള്ള പ്രതിനിധിസംഘം പഞ്ചായത്ത്- സാമൂഹ്യക്ഷേമവകുപ്പുമന്ത്രി **ഡോ.എം.കെ.മുനീറു**മായി ചർച്ച നടത്തുന്നു


## ജാഗ്രതാസമിതികളെക്കുറിച്ച് ദക്ഷിണാഫ്രിക്കൻ സംഘത്തിനു മതിപ്പ്

**സ്ത്രീ**കൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനു കേരളത്തിൽ നിലവിലുള്ള ജാഗ്രതാസമിതികളെക്കുറിച്ച് ദക്ഷിണാഫ്രിക്കൻ സംഘം മതിപ്പു രേഖപ്പെടുത്തി. ജനമൈത്രി പോലിസിനെക്കുറിച്ചും സ്റ്റുഡൻസ് പോലിസിനെക്കുറിച്ചും അവർക്ക് ആശ്ചര്യം. ദക്ഷിണാഫ്രിക്കയിലെ ഡർബനിലുള്ള ഇതെക്വിനി നഗരസഭയിൽനിന്നുള്ള അഞ്ചംഗസംഘമാണ് മതിപ്പും ആശ്ചര്യവും പ്രകടിപ്പിച്ചത്.

ആരോഗ്യം, വിദ്യാഭ്യാസം, ശിശു-വനിതാക്ഷേമം, സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങി ജനങ്ങൾക്കു ലഭിക്കേണ്ട സേവനങ്ങൾ ഏറ്റവും അടുത്ത സർക്കാരിൽനിന്നു ലഭിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനു കിലയിൽ എത്തിയതാണ് സംഘം.

ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുള്ള പ്രാദേശിക സർക്കാരുകളുള്ളത് കേരളത്തിലാണെന്നും സംഘാംഗങ്ങൾ അഭിപ്രായപ്പെട്ടു. ദക്ഷിണാഫ്രിക്കയിൽ ജനന-മരണ-വിവാഹങ്ങളെല്ലാം രജിസ്റ്റർ ചെയ്യേണ്ടത് കേന്ദ്രസർക്കാർ തലത്തിലാണ്. മുനിസിപ്പൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേണിംഗിലെ(മൈൽ) പ്രോഗ്രാം മാനേജർ കോളിൻ പിള്ളെയാണ് സംഘത്തെ നയിക്കുന്നത്.

കിലയിലെത്തിയ സംഘത്തെ കില ഡയറക്ടർ ഡോ. പി.പി. ബാലൻ, അസോസിയേറ്റ് പ്രൊഫ. ഡോ. സണ്ണി ജോർജ്, പ്രൊഫ.ടി. രാഘവൻ എന്നിവർ ചേർന്ന് സ്വീകരിച്ചു.ഇതെക്വിനി നഗരസഭയുടെ സാമൂഹ്യപങ്കാളിത്തത്തിന്റെയും കർമ്മപദ്ധതിയുടേയും തലവൻ വിൻസന്റ് സെബുക്കുലു, നഗരാസൂത്രണ സീനിയർ മാനേജർ നോമുസ ഷീബി, അത്യാവശ്യസർവീസ് പ്രോജക്ട് എക്സിക്യൂട്ടീവ് ഡോ.റോഷിനോ ബോബ്, കൗൺസിലർ ബോൺഗാനി ഡോബി ഡിയാമനി എന്നിവരാണ് സംഘത്തിലുള്ളത്. ചേലക്കര ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ചു. സംസ്ഥാന പഞ്ചായത്ത്- സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ.എം.കെ മുനീറുമായും സംഘാംഗങ്ങൾ ചർച്ച നടത്തി.



ദക്ഷിണാഫ്രിക്കൻസംഘം കിലയിൽ




വൈക്കം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **കെ.അജിത്** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# വൈക്കം മണ്ഡലം വികസനശിൽപ്പശാല കെ.അജിത് എം.എൽ.എ ഉദ്ഘാടനം ചെയ്തു

**എം.**എൽ.എ യുടെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളേയും നിർവഹണ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വൈക്കം നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ കെ.അജിത് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ. പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ. എം. സലിം എന്നിവർ സംസാരിച്ചു. വൈക്കം നഗരസഭ ചെയർ പേഴ്സൺ ശ്രീലത ബാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ വി.എം.പോൾ(കടുത്തുരുത്തി), വിജയൻ (വൈക്കം), ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സജുമോൻ ജോസഫ്( കല്ലറ), ശ്രീലേഖ സുദർശൻ( ടി.വി.പുരം), സെലീനാമ്മ ജോർജ് (തലയോലപ്പറമ്പ്), ഉഷാമധു(വെച്ചൂർ), എന്നിവർക്കു പുറമെ ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ, വിവിധ സ്റ്റാൻഡിംഗ് കമ്മിററി ചെയർ പേഴ്സൺമാർ എന്നിവരുൾപ്പെടെ 124 പേർ ശിൽപ്പശാലയിൽ സംബന്ധിച്ചു.

ഉദ്ഘാടനത്തിനുശേഷം കൃഷി, മൃഗസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, റോഡ്-പാലങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ. സംസാരിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും

# ഗുജറാത്തിലെ ദേശീയ സെമിനാറിലേക്കു കിലയ്ക്കു ക്ഷണം

**കേന്ദ്ര**പഞ്ചായത്ത് രാജ് മന്ത്രാലയം ഗുജറാത്തിലെ ഗാന്ധിനഗറിൽ സെപ്തംബർ 25,26 തീയതികളിൽ സംഘടിപ്പിച്ച ദേശീയസെമിനാറിൽ കില ഡയറക്ടർ ഡോ.പി.പി.ബാലനും അസി.പ്രൊഫ.ഡോ.ജെ.ബി. രാജനും സംബന്ധിച്ചു. ജില്ലാപദ്ധതിയുടെ അനുഭവപാഠങ്ങളെക്കുറിച്ചായിരുന്നു സെമിനാർ. കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ ക്ഷണപ്രകാരമാണ് ഇരുവരും പങ്കെടുത്തത്.




തിരൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **സി.മമ്മുട്ടി** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# തിരൂർ മണ്ഡലത്തിലെ മുഴുവൻ റോഡുകളും റബറൈസ് ചെയ്യും: സി.മമ്മുട്ടി എം.എൽ.എ

**തി**രൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ റോഡുകളും റബറൈസ് ചെയ്യുമെന്നും 90 ശതമാനം റോഡുകളുടെ ടെൻഡർ നടപടികൾ പൂർത്തിയായെന്നും സി.മമ്മുട്ടി എം.എൽ.എ അറിയിച്ചു. നിയോജകമണ്ഡലത്തിലെ സമഗ്ര വികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിശ്ചയദാർഢ്യമുണ്ടെങ്കിൽ എന്തും സാദ്ധ്യമാണെന്നതിന്റെ തെളിവാണ് നഗരഹൃദയത്തിലെ റോഡിന്റെ വീതി കൂട്ടാനായത്. തീരദേശഹൈവേയുടെ തിരൂർ ഭാഗത്തെ പണി പൂർത്തിയായിക്കഴിഞ്ഞുവെന്നും അതിന്റെ ഉദ്ഘാടനം ഉടനെ മുഖ്യമന്ത്രി നിർവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികൾ അന്തിമഘട്ടത്തിലാണ്. എം. എൽ.എ ഫണ്ട് പൂർണമായും വിദ്യാഭ്യാസമേഖലയുടെ വികസനത്തിനാണ് ഉപയോഗിക്കുന്നത്. തിരൂർ പുഴ ശുദ്ധീകരിക്കുന്നതിനുള്ള നടപടിക്കു തുടക്കമായി. വഴിയിൽ മാലിന്യം വലിച്ചെറിയുന്നവരെ പിടികൂടുന്നതിനു ക്യാമറകൾ സ്ഥാപിക്കും. മാലിന്യനിർമ്മാർജനത്തിലൂടെ സമ്പൂർണ ശുചിത്വമണ്ഡലമാക്കി തിരൂരിനെ മാററാൻ കഴിയണം. ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള സൗന്ദര്യവൽക്കരണവും ഭാഷാപൈതൃക നഗരപരിപാടിയും പുരോഗമിക്കുകയാണെന്നും എം.എൽ.എ വ്യക്തമാക്കി.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ.എം. സലിം, കോർഡിനേറ്റർ പി. വി.രാമകൃണൻ എന്നിവർ സംസാരിച്ചു. തിരൂർ നഗരസഭ ചെയർപേഴ്സൺ സഫിയ ടീച്ചർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കെ.പി. നസീമ(കല്പകഞ്ചേരി ഗ്രാമ പഞ്ചായത്ത്),സുബൈദ(തിരുനാവായ), നസീബ താപ്പി( വളവന്നൂർ), പി.സൈനുദ്ദീൻ( വെട്ടം), കെ.പി.വാഹിത( കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്) എന്നിവർക്കു പുറമെ വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ വൈസ് പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം ആറുഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതു ചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരും



ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **ജി.എസ്. ജയലാൽ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# ചാത്തന്നൂരിൽ വിദ്യാഭ്യാസ – ആരോഗ്യമേഖലയ്ക്കു സമഗ്രപദ്ധതി

**വി**ദ്യാഭ്യാസ- ആരോഗ്യമേഖലയ്ക്കായി ചാത്തന്നൂർ മണ്ഡലത്തിൽ രണ്ടു സമഗ്രപദ്ധതികൾക്കു രൂപം നൽകിക്കഴിഞ്ഞതായി ജി.എസ്. ജയലാൽ എം.എൽ.എ അറിയിച്ചു.നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കൂളുകളുടെ അടിസ്ഥാനവികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് വിദ്യാഭ്യാസപദ്ധതി. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഇതു നടപ്പിലാക്കുന്നത്. 5 ലക്ഷം രൂപ മുതൽ 35 ലക്ഷം രൂപ വരെ ഓരോ സ്കൂളിനും വേണ്ടി ചെലവഴിക്കുന്നുണ്ട്. എം.എൽ.എ ഫണ്ടും ത്രിതല പഞ്ചായത്തുകളുടെ വിഹിതവും ഇതിനായി വിനിയോഗിക്കുന്നു. ആരോഗ്യം, കൃഷി, ജലസേചനവകുപ്പുകളുടെ സഹകരണത്തോടെയാണ് സമഗ്ര ആരോഗ്യപദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പുറമെ മാലിന്യ നിർമ്മാർജനത്തിനും കുടിവെള്ളവിതരണത്തിനും പച്ചക്കറിയുൽപ്പാദനത്തിനും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നുണ്ട്. വിഭവങ്ങൾ പരിമിതവും ആവശ്യക്കാർ കൂടുതലുമാകുമ്പോൾ കൂട്ടായ ചർച്ചയിലൂടെ മുൻഗണന തീരുമാനിക്കാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.ഗട്ടർ രഹിത റോഡുകളുള്ള മണ്ഡലമാക്കി ചാത്തന്നൂരിനെ മാറ്റണമെന്നതാണ് തന്റെ മറ്റൊരു ലക്ഷ്യമെന്നും എം.എൽ.എ വ്യക്തമാക്കി.

കോഴ്സ് ഡയറക്ടറും കില അസോസിയേറ്റ് പ്രൊഫസറുമായ ഡോ.പീറ്റർ എം.രാജ് അദ്ധ്യക്ഷത വഹിച്ചു. അസി.ഡയറക്ടർ കെ.എം.സലിം, കോർഡിനേറ്റർ പി. വി. രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.പരവൂർ നഗരസഭയുടേയും ആദിച്ചനെല്ലൂർ, ചാത്തന്നൂർ, കല്ലുവാതുക്കൽ, പൂതക്കുളം, പൂയപ്പള്ളി, ചിറക്കര ഗ്രാമപഞ്ചായത്തുകളുടേയും ഇത്തിക്കര, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തുകളുടേയും അദ്ധ്യക്ഷന്മാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

ഉദ്ഘാടനത്തിനുശേഷം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും.




പീരുമേട് നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ
**ഇ.എസ്.ബിജിമോൾ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# സമഗ്രവികസനത്തിന് ത്രിതലപഞ്ചായത്തുകളുടെ ഇടപെടൽ വേണം: ഇ.എസ്.ബിജിമോൾ എം.എൽ.എ

**ത്രി**തല പഞ്ചായത്തുകളുടെ ശക്തമായ ഇടപെടലിലൂടെ മാത്രമേ സമഗ്രവികസനം കൈവരിക്കാനാകൂവെന്ന് ഇ.എസ്.ബിജിമോൾ എം.എൽ.എ അഭിപ്രായപ്പെട്ടു. പീരുമേട് നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഇന്ത്യയിലെ ഏറ്റവും വരുമാനം കൂടിയതും കുറഞ്ഞതുമായ പഞ്ചായത്തുകൾ പീരുമേട് മണ്ഡലത്തിലാണ്. കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തും കുറഞ്ഞ പഞ്ചായത്തും ഈ മണ്ഡലത്തിൽ തന്നെ. ഏറ്റവും കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ള പ്രദേശവും ഈ മണ്ഡലത്തിലാണ്. തോട്ടം മേഖലയിൽ ജോലി ചെയ്യാൻ ആളെ കിട്ടാത്ത അവസ്ഥയാണ്. തോട്ടം മേഖലയെ ഒഴിവാക്കിക്കൊണ്ടുള്ള സമഗ്രവികസനം സാദ്ധ്യമല്ല. അഞ്ചു പഞ്ചായത്തുകളിലെ കുടിവെള്ളവിതരണത്തിനായി ആരംഭിച്ച പദ്ധതിച്ചെലവ് 63 കോടി രൂപയിൽ എത്തിനിൽക്കുകയാണ്. ഗ്രാസ് ഫോറസ്റ്റായി സർക്കാർ പ്രഖ്യാപിച്ചതോടെ 440 ഹെക്ടർ മൊട്ടക്കുന്നുകളുടെ സംരക്ഷണം ഉറപ്പായിരിക്കുകയാണ്. ലോകത്തൊരിടത്തും കാണാത്തതാണ് ഇത്തരം മൊട്ടക്കുന്നുകൾ. നമ്മുടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനു സമഗ്രമായ മണ്ണ് സംരക്ഷണപരിപാടി വേണമെന്നും എം.എൽ.എ നിർദ്ദേശിച്ചു.

കില ഡെപ്യൂട്ടി ഡയറക്ടർ അബ്ദുൾ ജവാദ് അദ്ധ്യക്ഷനായിരുന്നു. അസി.ഡയറക്ടർ കെ.എം. സലിം, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എൻ.ജോസഫ്(അയ്യപ്പൻകോവിൽ),ആന്റണി കുഞ്ഞിക്കാട്(ചക്കുപള്ളം), ചിത്ര എൻ.രാജൻ(ഏലപ്പാറ), വി.എൻ ദനരാജ് (കുമിളി), പി.വി. ജോസഫ് (പീരുമേട്), ശാന്തി രമേശ് (പ്രസിഡന്റ് അഴുത ബ്ലോക്ക് പഞ്ചായത്ത്) എന്നിവർക്കുപുറമെ വിവിധ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ,നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുൾപ്പെടെ 135 പേർ ശിൽപ്പശാലയിൽ സംബന്ധിച്ചു.



ശിൽപ്പശാലയിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും

# ചോദിക്കൂ പറയാം

? വ്യവസായസ്ഥാപനത്തിനു ലൈസൻസ് അനുവദിക്കുന്നതുസംബന്ധിച്ച് പഞ്ചായത്തു കൈക്കൊള്ളുന്ന തീരുമാനത്തിന്മേൽ അപ്പീൽ ബോധിപ്പിക്കേണ്ടത് ഗ്രീൻ ചാനൽ കൗണ്ടറിലാണോ?

● അല്ല.271 എന്ന വകുപ്പുപ്രകാരം രൂപീകരിച്ച ട്രൈബ്യൂണൽ മുമ്പാകെയാണ്.(2012-ലെ ഡി.ആന്റ് ഒ ചട്ടങ്ങൾ കാണുക.ജി.ഒ (പി) 184/2012/ത സ്വഭവ.തീയതി.2.7.2012. എസ്.ആർ.എ 506/2012)

? എയ്ഡഡ് സ്കൂൾ അധ്യാപകനായ പഞ്ചായത്ത് പ്രസിഡണ്ടിന് പഞ്ചായത്തിൽ നിന്നുള്ള ഹോണറേറിയത്തിനു പുറമെ ശമ്പളം കൂടി വാങ്ങിക്കാമോ?

● പഞ്ചായത്ത് പ്രസിഡന്റുമാരും നഗരസഭ ചെയർപേഴ്സൺമാരും മുഴുവൻസമയ കാര്യനിർവഹണ അധികാരികളാകയാൽ ഇവർ മാതൃസ്ഥാപനത്തിൽനിന്ന് അവധിയിൽ പ്രവേശിച്ചുകൊണ്ടുമാത്രമേ പ്രവർത്തിക്കാവൂ എന്നും ഓണറേറിയത്തോടൊപ്പം അർഹമായ അവധി സമ്പളം മാതൃസ്ഥാപനത്തിൽനിന്ന് കൈപ്പറ്റാവുന്നതാണെന്നും സർക്കാർ 15.3.2008 ലെ ജി.ഒ (എം.എസ്)81/08/ത സ്വ ഭ വ നമ്പർ ഉത്തരവുപ്രകാരം വിശദീകരിച്ചിട്ടുണ്ട്.

? ഷോപ്പിംഗ് കോംപ്ലക്സിലെ ഒരു മുറി വിലയ്ക്കു വാങ്ങി. ഉടമസ്ഥാവകാശം മാറ്റി തരാൻ ആധാരത്തിന്റെ പകർപ്പു സഹിതം അപേക്ഷിച്ചിട്ടും പഞ്ചായത്തിൽനിന്ന് മാറ്റിത്തരുന്നില്ല. വില്ലേജിൽനിന്ന് പോക്കുവരവ് സാക്ഷ്യപത്രം കൊണ്ടുവരാൻ പറയുന്നു. ഇപ്രകാരം ഉടമസ്ഥാവകാശം മാറ്റാൻ കഴിയുമോ?

● മുറിവിലയ്ക്ക് വാങ്ങിയ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷ സമർപ്പിച്ചാൽ അന്വേഷണറിപ്പോർട്ടുപ്രകാരം ഉടമസ്ഥാവകാശം മാററി നൽകാവുന്നതാണ്. പല നിലകളിലായി വരുന്ന മുറികൾക്ക് സ്ഥലം നൽകുന്നില്ലാത്തതിനാൽ സ്ഥലം പോക്കുവരവ് നടത്തുന്നില്ല.

? തദ്ദേശഭരണസ്ഥാപനങ്ങളിൽ മണ്ണുപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവർത്തികൾക്ക് ഒരു ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതല്ലേ?

● തദ്ദേശഭരണസ്ഥാപനങ്ങളിലെ പൊതുമരാമത്തു പ്രവർത്തികളിൽ മണ്ണ് ഫില്ലിംഗ് പ്രവർത്തികൾ നിരക്കിൽനിന്ന് ഒരു ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ല എന്ന നിർദ്ദേശമുണ്ട്.(സർക്കുലർ നമ്പർ 22512/എ.വി.2/11 ത സ്വ ഭ വ തീയതി.21.8.2014)

? പൊതുമരാമത്തു പ്രവർത്തികളിൽ റോഡ് റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിക്കൽ പ്രവർത്തുക്കുശേഷം അളവെടുക്കുമ്പോൾ ആ കോണ്ടിറ്റിയിൽനിന്ന് വീണ്ടും കുറവു വരുത്താറുണ്ട്. ഇങ്ങനെ ചെയ്യുന്നതു ശരിയാണോ?

● പവർ റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിക്കൽ ചെയ്യുന്നതിനുമുമ്പ് ആവശ്യമായ വാട്ടറിംഗ് നടത്തി കൺസോളിഡേറ്റ് ചെയ്തുകൊണ്ടാണ് മണ്ണ്പ്രവർത്തി ചെയ്യുന്നത്. ഈ ആവസരത്തിൽ പൂർണതോതിലുള്ള കൺസോളിഡേഷൻ നടക്കുന്നതിനാൽ വീണ്ടും അളവെടുക്കുന്ന അവസരത്തിൽ ഒരു കുറവും വരുത്തേണ്ട ആവശ്യമില്ല.(സർക്കുലർ നമ്പർ22512/എ.സി2/11/ ത സ്വ ഭ വ തീയതി.21.8.2014)

? പദ്ധതി പണം ഉപയോഗിച്ച് സബ്സിഡി ആനുകൂല്യം നൽകുമ്പോൾ അതേ കാര്യത്തിൽ മറ്റു ഡിപ്പാർട്ടുമെന്റിൽനിന്നും ആനുകൂല്യം ലഭിച്ചവരെ പരിഗണിക്കാമോ?

● ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ വകുപ്പിൽനിന്നോ ഏജൻകളിൽനിന്നോ സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്കോ ഗ്രൂപ്പിനോ അതേ ഇനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നുള്ള ധനസഹായത്തിനു അർഹതയുണ്ടായിരിക്കുന്നതല്ല.(ആസൂത്രണ മാർഗ്ഗരേഖ സ.ഉ(എം.എസ്)362/13 തീയതി 16.11.13 ത സ്വ ഭ വ സബ്സിഡി മാനദണ്ഡം .ഖണ്ഡിക16,2.4)

? അറവുശാല നിർമ്മാണത്തിനു പഞ്ചായത്തുകൾക്ക് സർക്കാരിൽനിന്നും സാമ്പത്തികസഹായം നൽകുന്നുണ്ടെന്നറിയുന്നു.ഇതിന്റെ തുകയെത്രയാണ്? ഏതു വകുപ്പിലൂടെയാണ് അനുവദിക്കുന്നത്?

● ആധുനികരീതിയിലുള്ള അറവുശാലകൾ നിർമ്മിക്കുന്നതിനു പഞ്ചായത്തിനോ ഒന്നിലധികം(പരമാവധി മൂന്ന്) പഞ്ചായത്തുകൾക്കോ പൊതുവായ അറവുശാലകൾ സ്ഥാപിക്കുന്നതിനു ഉൽപ്പാദനമേഖലയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ യൂണിറ്റ് ഒന്നിന് 10 ലക്ഷം രൂപ നൽകുന്നുണ്ട്. ഇതിന്റെ പ്രോജക്ട് റിപ്പോർട്ടുകൾക്കും സാങ്കേതിക സഹായത്തിനും ശുചിത്വമിഷൻ ഡയറകടറെ സമീപിക്കേണ്ടതാണ്.(സ.ഉ.(എം.എൽ)നമ്പർ 255/2009/ ത സ്വ ഭ വ തീയതി.24.12.2009)

? പല തട്ടിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടേയും അധീനതയിൽ റോഡുകൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്. ഇതിൽ ഏതോക്കെ റോഡ് ആരുടേതാണ്, ഇവ തമ്മിൽ എങ്ങനെ തിരിച്ചറിയും തുടങ്ങിയവ സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങളടങ്ങിയ ഉത്തരവുകൾ ഉണ്ടോ?എങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണ്?

● മുകളിൽ ഉന്നയിച്ച ചോദ്യങ്ങളിലെ ഉള്ളടക്കം സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.(സ.ഉ.(സാധ)നമ്പർ 165/2010/ ത സ്വ ഭ വ തീയതി 16.1.2010) ഗ്രാമപഞ്ചായത്തുകൾ, ജില്ലാപഞ്ചായത്തുകൾ, നഗരഭരണസ്ഥാപനങ്ങൾ അവരവരുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ സ്ഥാപനത്തിന്റെ പേര്, റോഡിന്റെ പേര്, ദൂരം, കടന്നുപോകുന്ന പ്രധാന സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡും കിലോമീറ്റർ, ഹെക്ടോമീറ്റർ രേഖപ്പെടുത്തിയ കല്ലുകളും സ്ഥാപിക്കേണ്ടതാണ്. സ്ഥാപിക്കേണ്ട കല്ലുകളുടെ വലിപ്പം സംബന്ധിച്ച വിശദാംശങ്ങൾ മേൽ ഉത്തരവിൽ പടം സഹിതം നൽകിയിട്ടുണ്ട്. കല്ലിന്റെ പ്രത്യേകം അടയാളപ്പെടുത്തിയ ഭാഗത്ത് ഗ്രാമപഞ്ചായത്താണെങ്കിൽ പച്ചനിറവും ജില്ലാപഞ്ചായത്താണെങ്കിൽ മഞ്ഞനിറവും നഗരസഭകളാണെങ്കിൽ നീലനിറവും രേഖപ്പെടുത്തിയിരിക്കണം.



ഒഡീഷയിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം കിലയിൽ



ദേവികുളം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **എസ്.രാജേന്ദ്രൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# ടൂറിസത്തിന് ദേവികുളത്ത് ഇനിയും സദ്ധ്യതകളേറെ: എസ്.രാജേന്ദ്രൻ എം.എൽ.എ

ടൂറിസം വികസനത്തിനു ഇനിയും ഏറെ സാദ്ധ്യതയുള്ള മണ്ഡലമാണ് ദേവികുളമെന്നും മൂന്നാർ മാത്രമല്ല നേര്യമംഗലം മുതലങ്ങോട്ട് കണ്ണിനു കുളിർമ്മ നൽകുന്ന രമണീയകാഴ്ചയാണ് പ്രകൃതി ഒരുക്കിയിട്ടുള്ളതെന്നും എസ്.രാജേന്ദ്രൻ എം.എൽ.എ അഭിപ്രായപ്പെട്ടു.ദേവികുളം നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യൂക്കാലിപ്സ് മാറ്റി കൃഷിക്കു മുൻഗണന നൽകണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ അവസ്ഥയ്ക്കു മാറ്റം വരുത്തണം. വിദ്യാഭ്യാസരംഗത്ത് സ്വകാര്യമേഖലയോടൊപ്പം പിടിച്ചുനിൽക്കാൻ സർക്കാർ സ്ഥാപനങ്ങൾക്കും ശേഷിയുണ്ടാകണം. ആദിവാസി, കാർഷിക -തോട്ടം മേഖലകളിലെ ജനങ്ങളെല്ലാം ദാരിദ്ര്യമനുഭവിക്കുന്നവരാണെന്നും അതിനു ശ്വാശ്വത പരിഹാരം കണ്ടെത്തേണ്ടതുണ്ടെന്നും എം.എൽ.എ അഭിപ്രായപ്പെട്ടു.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ്, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. അടിമാലി, കാന്തല്ലൂർ, മാങ്കുളം, മറയൂർ, മൂന്നാർ, പള്ളിവാസൽ, വട്ടവട, വെള്ളത്തൂവൽ, ബൈസൻവാലി, ചിന്നക്കനാൽ ഗ്രാമപഞ്ചായത്തുകളിലേയും അടിമാലി,ദേവികുളം ബ്ലോക്ക് പഞ്ചായത്തുകളിലേയും പ്രസിഡന്റുമാർ, സ്റ്റാൻഡിംഗ് കമ്മിററി ചെയർപേഴ്സൺമാർ, ജില്ലാപഞ്ചായത്ത് മെമ്പർമാർ, വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## ഒഡീഷയിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം കിലയിൽ

**കേ**രളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ച് പഠിക്കുന്നതിനും പരിശീലനത്തിനുമായി ഒഡീഷയിൽനിന്നുള്ള 24 അംഗ സംഘം കിലയിലെത്തി. വിവിധ ജില്ലകളിൽനിന്നുള്ള ആസൂത്രണ-ഇക്ണോമിക്സ് ആന്റ് സ്റ്റാറ്റസ്റ്റിക്സ് വകുപ്പുകളിലെ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർമാർ, അസി.ഡയറക്ടർമാർ എന്നിവരാണ് സംഘത്തിലുള്ളത്. ഡോ.വിജയ ബി.നന്ദയുടെ നേതൃത്വത്തിലുള്ള ടീം ഒരാഴ്ചക്കാലം സംസ്ഥാനത്തുണ്ടായിരുന്നു.

കിലയിൽ ഇവർക്കുവേണ്ടി സംഘടിപ്പിച്ച പരിശീലനപരിപാടി കില ഡയറക്ടർ ഡോ.പി.പി.ബാലൻ ഉദ്ഘാടനം ചെ.യ്തു. അസോസിയേറ്റ് പ്രൊഫ. ഡോ.സണ്ണി ജോർജ് അദ്ധ്യക്ഷനായിരുന്നു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് പ്രൊഫ. ടി.രാഘവനും പഞ്ചായത്തുകളിലെ സദ്ഭരണത്തെപ്പറ്റി പി.വി.രാമകൃഷ്ണനും കുടുംബശ്രിയുടെ പ്രവർത്തനങ്ങളെസംബന്ധിച്ച് ടാനി തോമസും സംസാരിച്ചു. കടങ്ങോട് ഗ്രാമപഞ്ചായത്ത്, ഗുരുവായൂർ നഗരസഭ, എറണാകുളം ജില്ലാപഞ്ചായത്ത്, ഇടപ്പിള്ളി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ സംഘം സന്ദർശിച്ച് അവിടത്തെ വികസനപ്രവർത്തനങ്ങൾ നേരിൽ കണ്ട് വിലയിരുത്തുകയും ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തലസ്ഥാനത്ത് ആസൂത്രണബോർഡ് അംഗങ്ങളുമായും സംഘം ചർച്ച നടത്തി.

## ഗ്രാമകേന്ദ്രം: മണി ശങ്കർ അയ്യർ ഫണ്ടനുവദിച്ചു

**അ**ധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനസർക്കാർ രൂപം നൽകിയ സേവാഗ്രാം ഗ്രാമകേന്ദ്രത്തിനു മുൻ കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രിയും രാജ്യസഭാംഗവുമായ മണി ശങ്കർ അയ്യരുടെ പ്രശംസ. ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിന് തന്റെ എം .പി ഫണ്ടിൽനിന്ന് 15 ലക്ഷം അനുവദിച്ച കാര്യം അദ്ദേഹം കില ഡയറക്ടർ ഡോ.പി.പി.ബാലനെ അറിയിച്ചു. സംസ്ഥാനത്ത് ആദ്യമായാണ് ഗ്രാമകേന്ദ്രം സ്ഥാപിക്കുന്നതിനു എം.പി.ഫണ്ട് അനുവദിക്കുന്നതെന്ന് ഡോ.ബാലൻ പറഞ്ഞു. സംസ്ഥാനത്തിനു പുറത്തുനിന്ന് പ്രാദേശികവികസനത്തിനു എം.പി ഫണ്ട് ലഭിക്കുന്നതും ആദ്യമായിട്ടാണെന്നതും ശ്രദ്ധേയമാണ്. ജനകീയാസൂത്രണപരിപാടിയിൽ മികച്ച പ്രകടനം കാഴ്ചവെച്ചതിനാലാണ് ചപ്പാരപ്പടവ് പഞ്ചായത്തിനെ ഇതിനായി തെരഞ്ഞെടുത്തത്.




പഞ്ചായത്തുവകുപ്പും കുടുംബശ്രീയും കിലയും ചേർന്ന് സംഘടിപ്പിച്ച സംസ്ഥാനതല ശിൽപ്പശാലയിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ **ഡോ.കെ.ബി.വത്സലകുമാരി** മുഖ്യപ്രഭാഷണം നടത്തുന്നു

## പഞ്ചായത്ത് –കുടുംബശ്രീ സംയോജനം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും

പഞ്ചായത്തുകളുടേയും കുടുംബശ്രീയുടേയും സംയോജനത്തിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പഞ്ചായത്തുകളുടെ ധനസ്രോതസ്സ് വർദ്ധിപ്പിക്കാനും കഴിയുമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.ബി.വത്സലകുമാരി അഭിപ്രായപ്പെട്ടു. സംയോജനത്തിന്റെ സാദ്ധ്യതകൾ ആരായുന്നതിനു പഞ്ചായത്തുവകുപ്പും കുടംബശ്രീയും കിലയും ചേർന്ന് സംഘടിപ്പിച്ച സംസ്ഥാനതല ശിൽപ്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അവർ. സംസ്ഥാനത്ത് 50,000 പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിശദമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടിയാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. കേരളത്തിലെ കുടുംബശ്രീയെ ദേശീയ വിഭവകേന്ദ്രമായിട്ടാണ് മറ്റു സംസ്ഥാനങ്ങൾ കാണുന്നതെന്ന് വത്സകുമാരി പറഞ്ഞു. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ മാതൃകയാക്കാൻ 11 സംസ്ഥാനങ്ങൾ സമീപിച്ചുകഴിഞ്ഞു. പഞ്ചായത്തുകളിലെ മുഴുവൻ നികുതികളും പിരിച്ചെടുക്കുന്നതിനും ഗ്രാമസഭകൾ കാര്യക്ഷമമാക്കുന്നതിനും ബഡ്സ് സ്കൂളുകളുടെ നടത്തിപ്പും അപേക്ഷകൾ തയ്യാറാക്കുന്ന ജോലികളും പഞ്ചായത്തുകളുടെ പൊതസ്വത്തായ കെട്ടിടങ്ങൾ, കുളങ്ങൾ, പാർക്കുകൾ തുടങ്ങിയവയുടെ സംരക്ഷണവും കുടുംബശ്രീയെ ഏൽപ്പിക്കാവുന്നതാണ്. പഞ്ചായത്തുകളുടെ മികച്ച പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്ന ജോലിയും ഇവരെക്കൊണ്ട് ചെയ്യിക്കണം. മിക്ക പഞ്ചായത്തുകളിലും ഇപ്പോൾ ഈ സംവിധാനമില്ല. ഓരോ പഞ്ചായത്തിലും സംയോജനകേന്ദ്രങ്ങൾ തുറക്കണം.കുടുംബശ്രീ ഇപ്പോൾതന്നെ നൂറിൽ പരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അതതു പഞ്ചായത്തുകളിലുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ അവിടെതന്നെ വിറ്റഴിക്കാനുള്ള വിപണന കേന്ദ്രം തുടങ്ങാൻ പഞ്ചായത്തുകൾ സഹായിക്കണം. ഇതു കാർഷികമേഖലയിൽ വലിയ ചലനങ്ങളുണ്ടാക്കാൻ സഹായിക്കും. മൂന്നു മാസത്തിലൊരിക്കലെങ്കിലും ഇത്തരം സംയോജനശിൽപ്പശാലകൽ സംഘടിപ്പിക്കേണ്ടതാണെന്നും അവർ നിർദ്ദേശിച്ചു.

പഞ്ചായത്ത് ഡയറക്ടർ എ.സെയ്ത് അദ്ധ്യക്ഷനായിരുന്നു. കുടുംബശ്രീ ഡയറക്ടർ പി.ആർ. ശ്രീകുമാർ, പ്രോഗ്രാം ഓഫീസർ ഷാഹുൽ ഹമീദ്, കിലയിലെ ഡോ.പീറ്റർ എം. രാജ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ സി.എൻ. ബാബു, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രതിനിധി കെ.എ.റസാഖ് എന്നിവർ സംസാരിച്ചു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, കുടുംബശ്രീമിഷൻ ജില്ലാ കോർഡിനേറ്റർമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ,സെക്രട്ടറിമാർ, കില അസി.ഡയറക്ടർ കെ.എം.സലിം തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## അടൂരിൽ ചരിത്രസ്മരണകളെ കോർത്തിണക്കുന്ന ബൃഹദ് പദ്ധതി:ചിറ്റയം ഗോപകുമാർ എം.എൽ.എ

ചരിത്രസ്മരണകളെ കോർത്തിണക്കിക്കൊണ്ടുള്ള ബൃഹദ്പദ്ധതിക്കു അടൂർ മണ്ഡലത്തിൽ രൂപം നൽകുമെന്ന് ചിറ്റയം ഗോപകുമാർ എം.എൽ.എ അറിയിച്ചു. മണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ പ്രദേശത്തേയും ചരിത്രസ്മരണകൾ അതതിടങ്ങളിലെ സ്കൂൾ മതിലുകളിലും പൊതുസ്ഥലങ്ങളിലും ആലേഖനം ചെയ്യുന്നതാണ് പദ്ധതി.

പദ്ധതിയുടെ വിശദാംശങ്ങൾക്കു രൂപം നൽകാൻ ചരിത്രമെഴുത്തുകാരെയും കലാകാരന്മാരേയും ഉൾപ്പെടുത്തിക്കൊണ്ട് അടുത്ത മാസം ശിൽപ്പശാല സംഘടിപ്പിക്കും. ലളിതകലാ അക്കാദമിയുടെ സഹകരണത്തോടെ മണ്ഡലത്തിൽ ഒരു ആർട്ട് ഗ്യാലറി സ്ഥാപിക്കുന്നതിനും ഉദ്ദേശ്യമുണ്ടെന്ന് അദ്ദേഹം അറിയിച്ചു. പ്രാദേശികവികസനത്തിലെ അസന്തുലിതാവസ്ഥ കണ്ടെത്തി അതിനു പരിഹാരം നിർദ്ദേശിക്കുകയാണ് ഈ ശിൽപ്പശാലകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി.പി. ബാലൻ പറഞ്ഞു.അസി.ഡയറക്ടർ കെ.എം. സലിം, കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. അടൂർ നഗരസഭ, പന്തളം, തുമ്പമൺ, പന്തളം തെക്കേക്കര, കൊടുമൺ, ഏഴംകുളം, ഏറത്ത്, പള്ളിക്കൽ, കടമ്പനാട് ഗ്രാമപഞ്ചായത്തുകൾ, പന്തളം, പാറക്കോട് ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ അദ്ധ്യക്ഷന്മാർ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ വിവിധ വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്. ഉദ്ഘാടനത്തിനുശേഷം വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പ് ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി.


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581
(for private circulation only)